# മുഴപ്പിലങ്ങാട് ഈസ്റ്റ്

# എൽ. പി സ്കൂൾ

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner

# ഉള്ളടക്കം

ആമുഖം
പൊതുലക്ഷ്യങ്ങൾ
വിദ്യാലയ ചരിത്രം
വിദ്യാലയം – ഇന്നത്തെ അവസ്ഥ
ഗ്രേഡിംഗ് നിലവാരം
നിലവിലെ പരിമിതികൾ – ഭൗതീകം, അക്കാദമികം
പദ്ധതി രൂപീകരണ പ്രക്രിയ – ആസൂത്രണം
ഏറ്റെടുത്ത പ്രവർത്തനങ്ങൾ – വിശദാംശം
[മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികം]

Scanned with OKEN Scanner

# ഉള്ളടക്കം

## ആമുഖം :

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുവരികയാണ്. വിദ്യാലയ മികവ് എന്നാൽ അക്കാദമിക മികവ് തന്നെയാണെന്നും അതു നേടുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണെന്നും ഞങ്ങൾ മനസ്സിലാക്കി. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ഉറപ്പാക്കുക എന്നതാണ് നാം ലക്ഷ്യമാക്കുന്നത്. ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യ മൂല്യബോധം നമ്മുടെ കുട്ടികളിലും ഉളവാക്കാൻ സഹായകമായ പഠനാന്തരീക്ഷം നാം ഉറപ്പുവരുത്തേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ നേടിയ അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുവാനും ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാനുമുള്ള കഴിവും ശേഷിയും വികസിപ്പിക്കുക എന്നതും പ്രധാനമാണ്. ഇത് സാധ്യമാകണമെങ്കിൽ പൊതു സമൂഹത്തിന്റെ ക്രിയാത്മക ഇടപെടൽ പൊതുവിദ്യാലയങ്ങളുടെ എല്ലാപ്രവർത്തനങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. ഇവയെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് ഞങ്ങൾ ഈ വർഷത്തെ **'അക്കാദമിക മാസ്റ്റർ പ്ലാൻ'** തയ്യാറാക്കിയിരിക്കുന്നത്.

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ :-

* സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ അതതു ക്ലാസിൽ വച്ചുതന്നെ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

* നൂതന സാങ്കേതിക വിദ്യകൾ പഠന പ്രക്രിയയിൽ സുഗമമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുക.

* സ്കൂളിന്റെ ഭൗതിക- അക്കാദമിക ചുറ്റുപാട് ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകി ക്കൊണ്ട് ശിശു സൗഹാർദ്ദപരമാക്കുക.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ കണ്ടെത്തി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക.

* കുട്ടികളിൽ പരസ്പര സഹകരണ സഹവർത്തിത്വ മനോഭാവം വളർത്തുക.

* ബന്ധപ്പെട്ട അധികാരികളുമായി കൂടിയാലോചിച്ച് സ്ഥലപരിമിതി മറികടക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

Scanned with OKEN Scanner

മായാലോകത്തേക്ക് തുറന്നുവിടാൻ സഹായിക്കുന്ന ഒട്ടേറെ പുസ്തകങ്ങളാൽ സുസജ്ജമായിരിക്കുന്ന ലൈബ്രറി സൗകര്യവും ഉണ്ട്. സ്കൂളിന്റെ എല്ലാ വികസന പ്രവർത്തനങ്ങളിലും കൂടെ നിൽക്കുന്ന ശക്തമായൊരു പി.ടി.എ യും സ്കൂളിനുണ്ട്.

പഠന പ്രക്രിയയുടെ ഭാഗമായി നടത്തുന്ന മൂല്യ നിർണയ പ്രവർത്തനങ്ങളിൽ മോശമല്ലാത്ത പ്രകടനം കുട്ടികൾ കാഴ്ച വയ്ക്കാറുണ്ട്.

പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്. മത്സര പരീക്ഷകളിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചിട്ടുണ്ട്. കായിക മേളയിലും പ്രവൃത്തി പരിചയമേളയിലും മികച്ച വിജയം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

Scanned with OKEN Scanner

## നിലവിലെ അവസ്ഥാ വിശകലനം :-

### ഭൗതികം - പരിമിതികൾ

* ICT സംവിധാനങ്ങൾ ഉണ്ടെങ്കിലും അത് ഫലപ്രദമായി ക്ലാസുകളിൽ പ്രയോജനപ്പെടുത്താൻ ഏറെ പ്രയാസപ്പെടുന്നു.
* ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സുഗമമായ യാത്രയ്ക്ക് റാംപ് & റെയിൽ സംവിധാനം ഇല്ല.
* കുട്ടികൾക്ക് കായിക വിനോദത്തിന് പര്യാപ്തമായ ഗ്രൗണ്ട് ലഭ്യമല്ല.
* ആവശ്യത്തിനുള്ള കായിക ഉപകരണങ്ങൾ ഇല്ല.
* ശിശു സൗഹാർദ്ദപരമായ ഫർണിച്ചറുകൾ ഇല്ല.
* ഒന്നാം ക്ലാസ് ആകർഷകമല്ല.
* കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ് ലഭ്യമല്ല.
* സ്ഥലപരിമിതി.

Scanned with OKEN Scanner

## അക്കാദമികം - പരിമിതികൾ

* ഭാഷാ വിഷയങ്ങളിൽ മുഴുവൻ കുട്ടികൾക്കും തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയുന്നില്ല.
* ഗണിതത്തിൽ താത്പര്യമില്ലായ്മ.
* ശാസ്ത്രവിഷയങ്ങളോടുള്ള താൽപര്യക്കുറവ്
* ജീവിത വളർച്ചയിൽ ചരിത്രത്തിന്റെ സ്ഥാനം തിരിച്ചറിയാൻ പറ്റാത്തത്.
* കലാകായിക പ്രവൃത്തി പരിചയത്തിലുള്ള പരിശീലന കുറവ്.
* ഇംഗ്ലീഷ് പരിജ്ഞാനം കുറവ്
*

Scanned with OKEN Scanner

## പദ്ധതി രൂപീകരണ പ്രക്രിയ :-

* എസ്.ആർ.ജി. യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
* വികസനാവശ്യങ്ങൾ വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി.
* കരട് രൂപരേഖ SRG, PTA എന്നിവയിൽ അവതരിപ്പിച്ചു.
* നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു.
* ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കി.

Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും അടിസ്ഥാന ഭാഷാശേഷി ഉറപ്പാക്കൽ | * കുട്ടികളുടെ പഠനനില കണ്ടെത്താൻ പ്രീ- ടെസ്റ്റ് നടത്തൽ<br>* പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായകമായ പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കൽ<br>* പ്രത്യേക സമയം കണ്ടെത്തി മൊഡ്യൂളുകൾ വിനിമയംചെയ്യൽ<br>* പോസ്റ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തൽ<br>* പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകൽ<br>* ക്ലാസ് തല ലൈബ്രറികൾ സജ്ജമാക്കൽ<br>* പത്രംവായിക്കാം, സമ്മാനംനേടാം<br>* എല്ലാ മാസവും ക്ലാസ് പി ടി എ<br>* വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പുരസ്കാരങ്ങൾ നൽകൽ | 1 - 5 | ജൂൺ- ഡിസംബർ | ക്ലാസധ്യാപകൻ | 1000/- |

Scanned with OKEN Scanner

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തമാക്കൽ | * വിദ്യാലയത്തിനകത്തുള്ള എല്ലാ സാധന സാമഗ്രികൾക്കും ഇംഗ്ലീഷ് ലാബൽ പതിക്കൽ<br>* ഇംഗ്ലീഷ് അസംബ്ലി<br>* എല്ലാ കുട്ടികളും ഇംഗ്ലീഷ്നിഘണ്ടു തയ്യാറാക്കൽ<br>* ഇംഗ്ലീഷ് വായനാ കാർഡുകൾ<br>* ഇംഗ്ലീഷ് ലൈബ്രറി<br>* ഇംഗ്ലീഷ് ബാലസഭ<br>* ഇംഗ്ലീഷ് രചനാ ക്ലാസുകൾ<br>* SPOKEN ENGLISH ക്ലാസുകൾ<br>* ഇംഗ്ലീഷ് കൈയ്യെഴുത്ത് മാഗസിനുകൾ<br>* പ്രത്യേകം വർക്ക് ബുക്കുകൾ തയ്യാറാക്കി നൽകൽ<br>* ഇംഗ്ലീഷ് ഡയറി | 1 - 5 | ജൂൺ-മാർച്ച് | ക്ലാസധ്യാപകർ, പി.ടി.എ, പൂർവ്വ അധ്യാപകർ, വിദ്യാർത്ഥികൾ | 500/- |

Scanned with OKEN Scanner

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതാഭിരുചി വളർത്തുക | * മാസത്തിൽ ഒരു ഗണിത ക്വിസ്<br>* ഗണിത ശില്പശാലകൾ<br>* ഗണിതം കളികളിലൂടെ<br>* ഗണിത ക്യാമ്പ്<br>* ഗണിത മാഗസിൻ നിർമ്മാണം<br>* ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ<br>* സംഖ്യാ കോർണർ<br>* ഒറിഗാമി നിർമ്മാണം<br>* | 1 - 5 | ജൂലൈ-ഡിസംബർ | ക്ലാസധ്യാപകർ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ | 5000/- |

Scanned with OKEN Scanner

ഉപമേഖല : അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറബിക് പഠനം കാര്യക്ഷമമാക്കൽ | * മുഴുവൻ കുട്ടികൾക്കും അറബി പഠിക്കാൻ അവസരം ഒരുക്കൽ<br>* അറബിക് ഡേ വിപുലമായി ആചരിക്കൽ<br>* അറബിക് വായനാ കാർഡുകൾ സംഘടിപ്പിക്കൽ<br>* അറബിക് രചനാ ക്ലാസുകൾ സംഘടിപ്പിക്കൽ<br>* അറബിക് കലോത്സവത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ | 1 - 5 | ജൂൺ-ഫിബ്രവരി | എസ്.ആർ.ജി | 500/- |

Scanned with OKEN Scanner

ഉപമേഖല : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | * വിദ്യാലയത്തിലുള്ള സാധന സാമഗ്രികൾക്ക് ഹിന്ദി ലാബൽ പതിക്കൽ<br>* ഹിന്ദി അസംബ്ലി<br>* ഹിന്ദി വായനാ കാർഡുകൾ<br>* ഒന്നാംതരം മുതൽ ഹിന്ദി പഠനം ആരംഭിക്കൽ<br>* SPOKEN HINDI ക്ലാസുകൾ സംഘടിപ്പിക്കൽ<br>* ഹിന്ദി രചനാ ക്ലാസുകൾ സംഘടിപ്പിക്കൽ<br>* ഹിന്ദി നിഘണ്ടു തയ്യാറാക്കൽ | 5 | ജൂൺ-മാർച്ച് | എസ്.ആർ.ജി | 500/- |

Scanned with OKEN Scanner

ഉപമേഖല : അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്ര മനോഭാവം വളർത്തൽ ശാസ്ത്ര പഠനം രസകരമാക്കൽ | * ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണങ്ങൾ നടത്തൽ (മാസത്തിലൊന്ന്)<br>* പരീക്ഷണ ഉപകരണങ്ങൾ നിർമ്മിക്കൽ - ശില്പശാല<br>* ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>* ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>* ശാസ്ത്രപ്രതിഭകളെ അറിയൽ- പതിപ്പുനിർമ്മാണം<br>* ശാസ്ത്രനാടക ശില്പശാലകൾ സംഘടിപ്പിക്കൽ<br>* വാനനിരീക്ഷണം<br>* ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കൽ | 4, 5 | ജൂൺ- മുതൽ | എസ്.ആർ.ജി<br>പി.ടി.എ,<br>ശാസ്ത്രക്ലബ്ബ്<br>ആരോഗ്യ വകുപ്പ് | 2000/- |

Scanned with OKEN Scanner

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ജീവിത വളർച്ചയിൽ ചരിത്രത്തിന്റെ സ്ഥാനം മനസ്സിലാക്കുന്നതിന് | * ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, അതുമായി ബന്ധപ്പെട്ടവരെ നേരിട്ടുകാണുന്നതിനും അഭിമുഖം നടത്തുന്നതുനുമുള്ള അവസരം ഒരുക്കൽ<br>* സ്കൂളിൽ ഒരു പുരാവസ്തു പ്രദർശനം നടത്തൽ<br>* പ്രാദേശിക ചരിത്രം തയ്യാറാക്കൽ<br>* ട്രാഫിക് ബോധവൽക്കരണം<br>* ജീവകാരുണ്യ പ്രവർത്തനങ്ങൾ<br>* ശുചിത്വ പരിപാലനം<br>* പതിപ്പ് നിർമ്മാണം<br>* അഭിമുഖം<br>* കരകൗശലവസ്തു നിർമാണം | 3-5 | ജൂൺ- മുതൽ ഫെബ്രുവരി വരെ | എസ്.ആർ.ജി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ സാമൂഹ്യ പ്രവർത്തകർ | 2000/- |

Scanned with OKEN Scanner

ഉപമേഖല : കലാകായിക പ്രവൃത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | * രക്ഷിതാക്കളുടെ സഹായത്തോടെ ചിത്രരചന, നാടകം, നൃത്തം, സംഗീതം എന്നിവയിൽ പരിശീലനം നൽകൽ | 1-5 | അവധി ദിവസങ്ങൾ | എസ്.ആർ.ജി പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 2000/- |
| കായിക ക്ഷമത വർദ്ധിപ്പിക്കൽ | * കായികാധ്യാപികയായ രക്ഷിതാവിന്റെ സഹായത്തോടെ കായിക പരിശീലനം നൽകൽ<br>* കായികമേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ | 1-5 | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി പി.ടി.എ. | 1000/- |
| പ്രവൃത്തി പരിചയം | * നിർമ്മാണ ശില്പശാലയും തുടർ പരിശീലനവും<br>* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം- തുണിസഞ്ചി നിർമ്മാണം<br>* പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തൽ | 3-5 | അവധി ദിവസങ്ങൾ | എസ്.ആർ.ജി പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 2000/- |

Scanned with OKEN Scanner

മേഖല : ഭൗതികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ | * ശിശു സൗഹാർദ്ദപരമായ ഫർണിച്ചറുകൾ ലഭ്യമാക്കൽ<br>* ചിത്രച്ചുമരുകൾ ഒരുക്കൽ | 1 വർഷം | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ | 1 ലക്ഷം |
| ICT സംവിധാനങ്ങൾ ഫലപ്രദമാക്കൽ | * മുഴുവൻ കുട്ടികൾക്കും പ്രയോജനപ്രദമായ രീതിയിൽ പ്രൊജക്ടർ സ്ഥാപിക്കുക<br>* ക്ലാസ് റൂമുകളിൽ സ്ക്രീനുകൾ സ്ഥാപിക്കുക | 1 വർഷം | പി.ടി.എ. | 1 ലക്ഷം |
| ആരോഗ്യ പഠനം | * മുഴുവൻ കുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ് ലഭ്യമാക്കൽ<br>* കളിയുപകരണങ്ങൾ ലഭ്യമാക്കൽ-<br>* | 1 മാസം | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ | 20,000/- |

Scanned with OKEN Scanner

മേഖല : സാമൂഹികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | * സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും<br>* സംയുക്തമായി കലാപരിപാടികൾ സംഘടിപ്പിക്കൽ<br>* പൊതുവഴി ശുചീകരണം<br>* ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ<br>* അംഗണവാടി കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിക്കൽ<br>* അമ്മവായന<br>* | ആവശ്യാനുസരണം | എസ്.ആർ.ജി പി.ടി.എ. | 10,000/- |

Scanned with OKEN Scanner